(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയ ആരൊക്കെ ഏതൊക്കെ തസ്തികകളിൽ ഏതു തീയതി മുതൽ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വ്യക്തികൾക്ക് ശമ്പളത്തോടൊപ്പം പെൻഷനും ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനാധാരമായ വ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പെൻഷൻ പറ്റിയവരെ ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളിൽ നിയമിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31 സ്ഥാപനങ്ങൾ വിശദ വിവരം അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്.†

(ബി) വിശദ വിവരം അനുബന്ധം-ബി ആയി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. 23-3-1999-ലെ ജി. ഒ. (പി) നം. 1088/98/ഫിൻ പ്രകാരം പുനർ നിയമനം ലഭിച്ച സർക്കാർ ജീവനക്കാർക്ക് പുനർനിയമന ശമ്പളവും പെൻഷനും ഒരേ സമയം വാങ്ങുന്നത് അനുവദനീയമാണ്.

(ഡി) ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങളുടെ ദൈനംദിന നടത്തിപ്പിന് ഉയർന്ന തസ്തികകളിൽ ഉയർന്ന യോഗ്യതയും പ്രവർത്തി പരിചയവുമുള്ളവരെ താത്ക്കാലികമായി നിയമിക്കുകയെന്നതാണ് ലക്ഷ്യം.

ഐ. എച്ച്. ആർ. ഡി. യുടെ പർച്ചേയ്സ്

127 (3004) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. എച്ച്. ആർ. ഡി. യുടെ വിവിധ സ്ഥാപനങ്ങളിലേയ്ക്ക് കഴിഞ്ഞ അഞ്ച് കൊല്ലക്കാലത്തേക്ക് എത്ര രൂപയുടെ പർച്ചേയ്സ് നടത്തിയിട്ടുണ്ട് ;

(ബി) 25,000 രൂപയ്ക്ക് മുകളിൽ വിലവരുന്ന ഏതൊക്കെ സാധന സാമഗ്രികളാണ് പ്രസ്തുതകാലയളവിൽ വാങ്ങിയിട്ടുള്ളത് ;

(സി) പ്രസ്തുത സാധന സാമഗ്രികൾ ഏതൊക്കെയാണെന്നും ഓരോന്നിനും എത്ര രൂപയാണെന്നും ആരിൽനിന്നൊക്കെയാണ് വാങ്ങിയതെന്നും വ്യക്തമാക്കുമോ ;

(ഡി) സ്റ്റോർ പർച്ചേയ്സ് മാനുവൽ അനുസരിച്ചാണോ പർച്ചേയ്സ് നടത്തുന്നതെന്നും അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിലെ പർച്ചേയ്സ് സംബന്ധിച്ച് ആഡിറ്റിംഗ് നടത്തുന്നതാരാണെന്ന് വ്യക്തമാക്കുമോ ;

† അനുബന്ധം XII, XIIA

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഏറ്റവുമൊടുവിൽ ഓഡിറ്റ് നടത്തിയതെന്നാണെന്ന് വ്യക്തമാക്കുമോ; ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) അക്കൗണ്ടന്റ് ജനറൽ

(എഫ്) 1998-99 ൽ . റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ നടപടി

128 (3005) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) കേരളത്തിന് പുറത്തുള്ള പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരിൽ ഒരു വലിയ വിഭാഗം മലയാളികളാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഭ്യസ്തവിദ്യരായ തൊഴിലാളികൾ വിദേശങ്ങളിൽ തൊഴിൽ തേടുന്നത് കണക്കാക്കി കൂടുതൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്പെഷ്യലൈസ്ഡ് മാൻപവർ എക്സ്പോർട്ട് മുന്നിൽ കണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൂടി വിദ്യാർത്ഥികളെ കേരളത്തിലേയ്ക്ക് ആകർഷിക്കത്തക്കവിധം ഉന്നതസാങ്കേതിക വിദ്യാഭ്യാസ ശൃംഖലയും പശ്ചാത്തല സൗകര്യവും ഒരുക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 2000-2001 അദ്ധ്യയനവർഷത്തിൽ സർക്കാർ മേഖലയിൽ രണ്ടും സഹകരണ മേഖലയിൽ ഒൻപതും ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ നാലും എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് എ. ഐ. സി. റ്റി. ഇ. യുടെ അനുമതി തേടിയിട്ടുണ്ട്. കൂടാതെ ഇടുക്കി ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനും ഉദ്ദേശമുണ്ട്.

(ഡി) വിവര സാങ്കേതിക വിദ്യയിലും മറ്റും പ്രാമുഖ്യം നൽകി കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുന്നതിന് ഇപ്പോൾ തന്നെ പരിപാടിയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly